03.01.2024 3 pm ന് പ്രിൻസിപ്പൽ റൂമിൽ വച്ചു നടന്ന കൗൺസിൽ യോഗത്തിന്റെ മിനുട്സ്.

അജണ്ട:

1. Annual Property returns
2. S1 മോഡൽ എക്സാമിനേഷൻ
3. ai Render Technology Pvt Ltd ഫിസിക്സ് ഡിപ്പാർട്ട്മെന്റിൽ സമർപ്പിച്ച Collaborative റിസർച്ച് പ്രോജക്ടിന്റെ തുടർന്നുള്ള നടപടിനിർദ്ദേശങ്ങൾക്കായി DCE ക്ക് അയയ്ക്കുന്നത് സംബന്ധിച്ച്.
4. ആന്വൽ റിപ്പോർട്ട് - 2023
5. സെമിനാർ ബില്ലുകളുടെ സമർപ്പണം.
6. BOQ അപ്‌ലോഡിംഗ്
7. മറ്റു വിഷയങ്ങൾ

പങ്കെടുത്തവർ:-

| | | |
|---|---|---|
| 1. | ഡോ. സന്ധ്യ ജി. എസ്. | പ്രിൻസിപ്പൽ |
| 2. | ഡോ. ടീന എലിസബത്ത് മാത്യു | വൈസ് പ്രിൻസിപ്പൽ |
| 3. | ഡോ. ജയ്റാണി പി. എസ്. | ബയോടെക്നോളജി |
| 4. | ഡോ. സിനി ഏബ്രൂ | ബയോകെമിസ്ട്രി |
| 5. | റെനിമ സി. ജെ | ജിയോഗ്രഫി |
| 6. | Areesh Kumar R | |
| 7. | Dr. Radhika A | IQAC Coordinator |
| 8 | Dr. Prakash A | Hindi |
| 9. | Dr. C.R. Thanya | NAAC coordinator |
| 10. | Dr. A. Mohammed Shafeek | Physical Edu. |
| 11. | ഹിരൺമയി. [illegible] | ബോട്ടണി |
| 12. | അനില. പി. എസ് | അറബിക് |
| 13 | Jesna Rajan | English |
| 14. | Sabitha Mohan M.R | Chemistry |
| 15 | Sajeev D | Physics |
| 16. | Dr. N. Jeethenthiran | Tamil |
| 17 | Jayaram V.S. | Zoology |
| 18. | Dr. Sabeen H.M | Geology |
| 19. | Sreeja A.R | Sr. Supdt |
| 20. | Dr. Kumari Preeja J Nair | Mathematics |
| 21 | Anjana V | Statistics |
| 22. | Ashwini Ashok | French |
| 23. | Dr. Ragheed Sabin S | Zoology / PTA Secretary |
| 24 | Suchithra G Krishnan | Botany |
| 25 | Sunitha S. | Sanskrit |



തീരുമാനങ്ങൾ

1. എല്ലാ അദ്ധ്യാപകജീവനക്കാരും ഈ വർഷത്തെ Annual Property Returns ജനുവരി 15-നു മുൻപായി Spark-ൽ സമർപ്പിക്കേണ്ടതാണെന്ന് പ്രിൻസിപ്പൽ അറിയിച്ചു. Placement Proposals-ഉം ജനുവരി 15 നു മുമ്പായി IQAC Verification നു വേണ്ടി സമർപ്പിക്കേണ്ടതാണ്.

2. ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളുടെ മോഡൽ എക്സാമിനേഷൻ ജനുവരി 8 മുതൽ 12 വരെ നിർദ്ദിഷ്ട ടൈം ടേബിൾ പ്രകാരം കോളേജിൽ നടത്തപ്പെടുന്നതാണെന്ന് പ്രിൻസിപ്പൽ അറിയിച്ചു. ഒന്നാം സെമസ്റ്ററിൽ Internals ന് failed ആയ Candidates S3, S6 എന്നീ ബാച്ചുകളിൽ ഉണ്ടെങ്കിൽ അവർക്കും ഈ പരീക്ഷ എഴുതാവുന്നതാണെന്ന് CLMC കൺവീനർ ഡോ. ടീന എലിസബത്ത് മാത്യു അറിയിച്ചു.

3. Ai Render Technology Pvt Ltd എന്ന Startup company ഫിസിക്സ് ഡിപ്പാർട്ട്മെന്റിന് സമർപ്പിച്ച Collaborative Research project സ്റ്റാഫ് മീറ്റിംഗിലെ ഭിന്നാഭിപ്രായങ്ങൾ കാരണം, അദ്ധ്യാപകർ സമർപ്പിച്ച വിശദമായ റിപ്പോർട്ടുകൾ സഹിതം DCE ലേക്ക് തുടർന്നുള്ള നടപടി നിർദ്ദേശങ്ങൾക്കായി അയയ്ക്കുവാൻ കോളേജ് കൗൺസിൽ തീരുമാനമെടുത്തു.

4. എല്ലാ ഡിപ്പാർട്ട്മെന്റുകളും 2023-ലെ ആനുവൽ റിപ്പോർട്ട് നിർദ്ദിഷ്ട format-ൽ പൂർത്തിയാക്കി എത്രയും വേഗം പ്രിൻസിപ്പലിന് mail ചെയ്യേണ്ടതാണെന്ന് പ്രിൻസിപ്പൽ നിർദ്ദേശിച്ചു.

5. കോളേജിൽ സെമിനാർ സംഘടിപ്പിച്ച ഫിസിക്സ്, ജ്യോഗ്രഫി ഡിപ്പാർട്ടുമെന്റുകൾ എത്രയും വേഗം ബില്ലുകൾ സമർപ്പിക്കേണ്ടതാണെന്ന് ഓഫീസ് സൂപ്രണ്ട് അറിയിച്ചു. തമിഴ് ഡിപ്പാർട്ട്മെന്റിന്റെ ബിൽ പാസായതായും സൂപ്രണ്ട് കൗൺസിലിനെ അറിയിച്ചു.

6. എല്ലാ വകുപ്പുമേധാവികളും Bill of Quantity (BOQ) specifications ചാർട്ട് ചെയ്ത് Site-ൽ upload ചെയ്യേണ്ടതാണെന്ന് സൂപ്രണ്ട് അറിയിച്ചു.

7. പ്രിൻസിപ്പൽ റൂമിലെ കമ്പ്യൂട്ടറിന്റെ UPS ഉപയോഗശൂന്യമാണ്. കൂടാതെ കാമ്പസിൽ ഏതാനും CCTV ക്യാമറകൾ കൂടി സ്ഥാപിക്കേണ്ട ആവശ്യമുണ്ട്. ഇതിനു വേണ്ട സാമ്പത്തിക സഹായത്തിനായി PTA-യ്ക്ക് അപേക്ഷ നൽകുവാൻ കൗൺസിൽ തീരുമാനമെടുത്തു. പ്രിൻസിപ്പൽ റൂമിലെ പ്രിന്റർ റിപ്പയർ ചെയ്യാനുള്ള 21,000 രൂപ, ഓഫീസിലെ പ്രിന്റർ റിപ്പയറിനുവേണ്ടി എസ്റ്റിമേറ്റ് പ്രകാരമുള്ള തുക എന്നിവയ്ക്കായി DCE ലേക്ക് financial assistance-ന് അപേക്ഷിക്കുവാൻ കൗൺസിൽ തീരുമാനിച്ചു. South West Zone Inter University അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ നിരവധി മെഡലുകൾ കരസ്ഥമാക്കിയ BSc ബയോടെക്നോളജി വിദ്യാർത്ഥി രുദ്രനുണ്ണി കൃഷ്ണക്ക് ഉചിതമായ അനുമോദനം നൽകുവാൻ കൗൺസിൽ തീരുമാനിച്ചു. AQAR സമയബന്ധിതമായി സമർപ്പിച്ച IQAC, NAAC coordinator മാരെയും, കോളേജുതല Alumni യോഗം ആരംഭിക്കുവാനായി മുൻകൈയെടുത്ത Dr. രാഹുൽ സുബിൻസനെയും കോളേജ് കൗൺസിൽ അനുമോദിച്ചു.

യോഗം 4 pm ന് അവസാനിച്ചു.

(ഒപ്പ്) 3/1/24



22.01.2024, 10.30 AM ന് പ്രിൻസിപ്പൽ റൂമിൽ വച്ചു നടന്ന കൗൺസിൽ യോഗത്തിന്റെ മിനുട്സ്.

അജണ്ട:

1. RUSA പ്രൊപ്പോസൽ ഫൈനലൈസേഷൻ
2. നാലുകെട്ട് ബ്ലോക്കിന്റെ പെയിന്റിംഗ്

തീരുമാനങ്ങൾ

പങ്കെടുത്തവർ :-

| | | | |
|---|---|---|---|
| 1. | ഡോ. സന്ധ്യ ജി.എസ്. | പ്രിൻസിപ്പൽ | (ഒപ്പ്) |
| 2. | ഡോ. ടീന എലിസബത്ത് മാത്യു | വൈസ്പ്രിൻസിപ്പൽ | (ഒപ്പ്) |
| 3. | ഡോ. ജയ്റാണി. പി.എസ്. | ബയോടെക്നോളജി | (ഒപ്പ്) |
| 4. | മനോജ് കെ. എസ് | മലയാളം | (ഒപ്പ്) |
| 5. | ഡോ. അഭിലാഷ് എ. | സുവോളജി | (ഒപ്പ്) |
| 6 | ഡോ. ബിനി എച്ച്. | ബയോകെമിസ്ട്രി | (ഒപ്പ്) |
| 7 | Sabitha Mohan | Chemistry | (ഒപ്പ്) |
| 8 | അഞ്ജന വി | സ്റ്റാറ്റിസ്റ്റിക്സ് | (ഒപ്പ്) |
| 9. | സി. മിനി. രാജി | ബോട്ടണി | (ഒപ്പ്) |
| 10. | Ashwini Ashok | French | (ഒപ്പ്) |
| 11 | Ignatius J | Physics | (ഒപ്പ്) |
| 12. | Dr. Karthika. K | Geography | (ഒപ്പ്) |
| 13. | Josna Rajan | English | (ഒപ്പ്) |
| 14. | Dr. C. R. Dhanya | NAAC | (ഒപ്പ്) |
| 15. | Sunithanand. V.B | Physics (RUSA Convenor) | (ഒപ്പ്) |
| 16. | Dr. Sabeen. H.M | Geology | (ഒപ്പ്) |
| 17. | Dr. Radhika A | IQAC Coordinator | (ഒപ്പ്) |
| 18. | Baiju. S | CDC Convenor | (ഒപ്പ്) |
| 19. | Dr. A. Mohammed Shafeek | Physical Edn | (ഒപ്പ്) |
| 20 | Sunitha S. | Sanskrit | (ഒപ്പ്) |
| 21. | Asiya. A.S | Arabic | (ഒപ്പ്) |
| 22 | Soorya. V.S | Clerk | (ഒപ്പ്) |

1. 5 കോടി രൂപയുടെ RUSA ഫണ്ട് പ്രൊപ്പോസൽ സമർപ്പിക്കുവാൻ DCE ആവശ്യപ്പെട്ട പ്രകാരം കോളേജിൽ നിന്നും ഈ items ഉൾപ്പെടുത്താൻ കൗൺസിൽ തീരുമാനിച്ചു.
   1. ലൈബ്രറി & റിസർച്ച് ബ്ലോക്ക് നിർമ്മാണ പൂർത്തീകരണം ( 4 കോടി )
   2. ബോയ്സ് ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണ പൂർത്തീകരണം
   3. സ്മാർട്ട് ബോർഡുകൾ
   4. ഇന്ററാക്ടീവ് പാനൽ (13 എണ്ണം) :- 7 (UG), 4 (PG), 1 (IQAC), 1 (Principal Room)
   5. Outdoor LED ഡിസ്പ്ലേ ബോർഡ്.

മറ്റ് അക്കാദമിക ആവശ്യങ്ങളായ wifi campus, ഡിജിറ്റൽ സ്റ്റുഡിയോ, ഡിസ്പ്ലേ ബോർഡുകൾ, ലാംഗ്വേജ് ലാബ്, മീഡിയ റൂം, വേസ്റ്റ് മാനേജ്മെന്റിനാവശ്യമായ ഇൻസിനറേറ്റർ, ജിംനേഷ്യത്തിന്റെ Roof maintenance തുടങ്ങിയവ വരാൻ പോകുന്ന Plan fund-ൽ പ്രൊപ്പോസൽ സമർപ്പിക്കാവുന്നതാണെന്ന് കൗൺസിൽ തീരുമാനിച്ചു.

2. നാലുകെട്ട് ബ്ലോക്കിലെ പെയിന്റിംഗ്, നിലവിലുള്ള A, B, F ബ്ലോക്കുകളുടെ കളർ കോമ്പിനേഷന്റെ തുടർച്ച എന്ന നിലയിൽ ജെറേനിയം റെഡ്, ബോർഡർ Raindrop white എന്ന കളർ പാറ്റേണിൽ തന്നെ നടത്തുവാൻ കൗൺസിൽ തീരുമാനിച്ചു.

19/01/24



24.01.2024 3.45 pm ന് പ്രിൻസിപ്പൽ റൂമിൽ വച്ചു നടന്ന കൗൺസിൽ യോഗത്തിന്റെ മിനുട്സ്.

അജണ്ട

1. RUSA പ്രോജക്ടുമായി ബന്ധപ്പെട്ട് ബോർഡ് ഓഫ് ഗവേണൻസ്, പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് എന്നി കമ്മിറ്റികളുടെ രൂപീകരണം.
2. Gender inclusion & equity initiatives-ആയി ബന്ധപ്പെട്ട് RUSA യ്ക്ക് കൊടുക്കേണ്ട പ്രൊപ്പോസൽ.

പങ്കെടുത്തവർ.

1. Dr. സന്ധ്യ ജി. നാഥ് — പ്രിൻസിപ്പൽ
2. Dr. ടീന എലിസബത്ത് മാത്യു — വൈസ് പ്രിൻസിപ്പൽ
3. Dr. ജയറാണി. പി. നാഥ് — ബയോടെക്നോളജി
4. Dr. Kumari Sreeja S. Nair — Mathematics
5. Lekshmy R.K — Chemistry & Industrial Chemistry
7. ഡോ. സിനി എസ് — ബയോകെമിസ്ട്രി
8. Dr. A. Mohammed Shafeeq — Physical Edn
9. സജീവ് വി — [illegible] വിഭാഗം
10. അഞ്ജന വി — സ്റ്റാറ്റിസ്റ്റിക്സ്
11. ഷെറിന സി. നാഥ് — ജിയോളജി
12. Dr. രാധിക. എ. — ബയോകെമിസ്ട്രി
13. Dr. C. R. Dhanya — ബയോകെമിസ്ട്രി
14. [illegible] — [illegible]
15. സുചിത്ര ജി. കൃഷ്ണൻ — ബോട്ടണി
16. ഡോ. സജിൻ [illegible] — സുവോളജി

തീരുമാനങ്ങൾ.

1. RUSA പ്രോജക്ടിന്റെ മേൽനോട്ടത്തിനും നടത്തിപ്പിനുമായി താഴെ പറയുന്ന കമ്മിറ്റികൾ രൂപീകരിക്കുവാൻ കൗൺസിൽ തീരുമാനിച്ചു.

1. Board of Governance (BoG)

1. പ്രിൻസിപ്പൽ
2. മുൻ പ്രിൻസിപ്പൽ
3. PWD അസിസ്റ്റന്റ് എഞ്ചിനിയർ
4. വൈസ് പ്രിൻസിപ്പൽ
5. PTA വൈസ് പ്രസിഡന്റ്
6. IQAC കോ ഓർഡിനേറ്റർ
7. NAAC കോ ഓർഡിനേറ്റർ
8. CDC കൺവീനർ
9. RUSA കൺവീനർ
10. ബിൽഡിംഗ് കമ്മിറ്റി കൺവീനർ

2. Project Monitoring Unit (PMU)

1. പ്രിൻസിപ്പൽ
2. വൈസ് പ്രിൻസിപ്പൽ
3. PTA വൈസ് പ്രസിഡന്റ്
4. ഓഫീസ് സൂപ്രണ്ട്
5. IQAC കോ ഓർഡിനേറ്റർ
6. CDC കൺവീനർ
7. PTA സെക്രട്ടറി
8. RUSA കൺവീനർ
9. വിദ്യാർത്ഥി പ്രതിനിധി – കോളേജ് യൂണിയൻ ചെയർമാൻ
10. ബിൽഡിംഗ് കമ്മിറ്റി കൺവീനർ

2. Gender inclusion & equity initiatives എന്ന Head കൂടെ RUSA പ്രൊപ്പോസലിലേക്ക് DD യുടെ നിർദ്ദേശാനുസരണം പ്രൊപ്പോസൽ നൽകുവാൻ കൗൺസിൽ തീരുമാനിച്ചു.

യോഗം 4.15 pm ന് അവസാനിച്ചു.

[signature] 24/01/24



13.02.2024 2pm ന് പ്രിൻസിപ്പൽ റൂമിൽ വച്ചു നടന്ന കൗൺസിൽ യോഗത്തിന്റെ മിനുട്സ്

അജണ്ട:

1. പുല്ലമ്പാറ Participatory Village Program പ്രവർത്തന കമ്മിറ്റി രൂപീകരണം.
2. കോളേജ് ക്യാമ്പസ് landscaping
3. ലാബ് ഉപകരണങ്ങൾ, AC എന്നിവയുടെ റിപ്പയർ
4. e-ടെൻഡർ നോഡൽ ഓഫീസർ, 4-Year ഡിഗ്രി പ്രോഗ്രാം Coordinator തിരഞ്ഞെടുപ്പ്
5. നാലുകെട്ടിലെ മുറികൾ ഉപയോഗയോഗ്യമാക്കുന്നതു സംബന്ധിച്ച്
6. NEP, ABC സ്റ്റഡി ക്ലാസ്. (7) മുഖ്യമന്ത്രിയുടെ face to face Program-ൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നത്. (8) മറ്റിനങ്ങൾ.

പങ്കെടുത്തവർ:

1. Dr. സന്ധ്യ ജി. എസ്. പ്രിൻസിപ്പൽ [signature]
2. Dr. ടീന എലിസബത്ത് മാത്യു, വൈസ് പ്രിൻസിപ്പൽ
3. Dr. ജയ്റാണി. പി. എസ്, ബയോടെക്നോളജി [signature]
4. Smt. ഷീജ എസ്. കുമാർ, സീനിയർ സൂപ്രണ്ട് [signature]
5. Smitha V Dept. of English, [signature]
6. Asiya A.S Dept. of Arabic [signature]
7. Suchithra G. Krishna Dept. of Botany [signature]
8. Sunitha S. സംസ്കൃതം [signature]
9. Dr. Sini A ഇക്കണോമിക്സ് [signature]
10. Mereena C-S Geography [signature]
11. Ullas R.S Mathematics [signature]
12. Dr. [illegible], PTA Secretary/Zoology [signature]
13. Sajeev D Physics [signature]
14. Dr. Jeethenthiran N Tamil N. [signature]
15. Sabitha Mohan M.R chemistry [signature]
16. Dr. C.R. Dhanya Biochemistry [signature]
17. Dr. Radhika A Biochemistry [signature]
18. Dr. A. Mohammed Shafeek Phy Edn [signature]
19. Dr. Prakash A Hindi [signature]
20. Ashwini Ashok French [signature]
21. Dr. Anjana V Statistics [signature]

തീരുമാനങ്ങൾ:

1. കോളേജിന്റെ Social extention Activity - Participatory Village Program ന്റെ ഭാഗമായി പുല്ലമ്പാറ (ഗ്രാമത്തിൽ) ലൈബ്രറി, പരിസ്ഥിതി, ജീവിത നിലവാരം (സാമൂഹികം, ആരോഗ്യം / വിദ്യാഭ്യാസം) എന്നി വിവിധ മേഖലകളിൽ കോളേജ് നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു 16 അംഗ മേൽനോട്ടക്കമ്മിറ്റി രൂപീകരിക്കപ്പെട്ടു. ഡോ. ടീന എലിസബത്ത് മാത്യു (Computer Science), ഡോ. സജീവ് (Physics), സുചിത്ര. ഗ. കൃഷ്ണൻ (ബോട്ടണി) മനോജ്. (മലയാളം), ഡോ. രാധിക. A (IQAC), അശ്വിനി (French), ഡോ. ജയറാണി. P.S (Biotechnology), ശ്രീ. ഉദയ.സ. (Maths), ഡോ. ധനുഷ്. D (Geography), ഡോ. രാഹുൽ സുബിൻ (Zoology, PTA) Dr. പ്രകാശ്. (Hindi), സുധീർ. B (Chemistry) സുനിത (സംസ്കൃതം), ഡോ. ധന്യ. C.R (NAAC), പാർവ്വതി (NSS), ഷമീർ. (Physical Education) എന്നി അധ്യാപകരെ കമ്മിറ്റി അംഗങ്ങളായി കൗൺസിൽ തിരഞ്ഞെടുത്തു.

2. ഡോ. ബോബൻ (ബയോകെമിസ്ട്രി), ഡോ. ടീന എലിസബത്ത് മാത്യു (കംപ്യൂട്ടർ സയൻസ്) എന്നി അധ്യാപകരുടെ നേതൃത്വത്തിൽ കോളേജ് കാമ്പസിന്റെ landscaping നടപടികൾ ആരംഭിക്കുവാൻ കൗൺസിൽ തീരുമാനിച്ചു. ഇതിനു വേണ്ടി സുനിത (സംസ്കൃതം) ഡോ. പ്രകാശ് (ഹിന്ദി), Dr. സിനി. H (Biochemistry), ഡോ. രാഹുൽ സുബിൻ (PTA), സുചിത്ര. ഗ. കൃഷ്ണൻ (Botany) എന്നി അധ്യാപകരെ കൂടി ചേർത്ത് ഒരു കമ്മിറ്റി രൂപീകരിച്ചു.

3. ലാബ് ഉപകരണങ്ങളുടെ റിപ്പയറിനു വേണ്ടി ബയോടെക്നോളജി, ബയോകെമിസ്ട്രി ഡിപ്പാർട്ട്മെന്റുകൾ സമർപ്പിച്ച പ്രൊപ്പോസലുകൾ കൗൺസിൽ ചർച്ച ചെയ്തു. ഇതിനാവശ്യമായ തുക PD അക്യുമുലേറ്റഡ് അക്കൗണ്ടിൽ നിന്നും വകയിരുത്തുവാൻ DCE ക്ക് അപേക്ഷ നൽകുവാൻ തീരുമാനിച്ചു.

സ്റ്റാറ്റിസ്റ്റിക്സ്, കംപ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റുകളിലെ AC റിപ്പയർ ചെയ്യുന്നതിനാവശ്യമായ തുക അതാത് എസ്റ്റിമേറ്റ് പ്രകാരം PTA യ്ക്ക് അപേക്ഷിക്കുവാൻ



കൗൺസിൽ തീരുമാനിച്ചു.

4. e-ടെൻഡർ നോഡൽ ഓഫീസറായി, ഡോ. റൈജു (മാത്സ്) വിനെയും, 4 Year Degree പ്രോഗ്രാം Coordinator ആയി ഡോ. ബോബൻ (ബയോകെമിസ്ട്രി)-നെയും തിരഞ്ഞെടുത്തു.

5. പെയിന്റിംഗ് കഴിഞ്ഞ് ഉപയോഗയോഗ്യമാകാവുന്ന നാലുകെട്ട് ബ്ലോക്കിലെ റൂമുകൾ, വിവിധ സെല്ലുകളുടെ പ്രവർത്തനത്തിനായി സജ്ജമാക്കുവാൻ കൗൺസിൽ തീരുമാനിച്ചു. ഇതിനായി ഡോ. ടീന എലിസബത്ത് മാത്യു (Computer Science) ന്റെ, നേതൃത്വത്തിൽ ഷമീർ, ഡോ. പ്രകാശ് സർ, ഡോ. സിനി. H എന്നിവരുടെ ഒരു ടീം രൂപീകരിച്ചു.

6. National Education Policy, Academic Bank of Credit എന്നിവയുടെ implementation ന് വേണ്ടി ഒരു Study class ഡോ. ബ്ലാസ്റ്റൺ സർ (കംപ്യൂട്ടർ സയൻസ്) ന്റെ, നേതൃത്വത്തിൽ സംഘടിപ്പിക്കുവാൻ കൗൺസിൽ തീരുമാനിച്ചു.

7. നവകേരള സദസ്സിന്റെ തുടർച്ചയായി കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിൽ വച്ച് ഫെബ്രുവരി 18ന് ബഹു. മുഖ്യമന്ത്രി കോളേജ് വിദ്യാർത്ഥികൾക്കായി നടത്തുന്ന CM Face to Face Program- ലേക്ക് കോളേജിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അമീൻ പരീസ സിദ്ദിഖ് (3rd Year, B.Sc. ബയോടെക്നോളജി), അനിജിത്ത് (കോളേജ് യൂണിയൻ ചെയർമാൻ) എന്നി വിദ്യാർത്ഥികൾക്ക് ഉചിതമായ അനുമോദനവും യാത്രയയപ്പും നൽകുവാൻ കോളേജ് കൗൺസിൽ തീരുമാനിച്ചു. DCE നിർദ്ദേശമനുസരിച്ച് ഈ വിദ്യാർത്ഥികളുടെ ഒരു പോസ്റ്റർ കോളേജിനു മുന്നിൽ പ്രദർശിപ്പിക്കുവാനും തീരുമാനിച്ചു.

8. RUSA ബോർഡ് ഓഫ് ഗവർണേഴ്സിൽ അംഗങ്ങളായി മുൻ പ്രിൻസിപ്പലിനു പകരം മുൻ അധ്യാപകൻ/അധ്യാപികയെ ഉൾപ്പെടുത്തുവാൻ കൗൺസിൽ തീരുമാനിച്ചു.

ഈ പ്രകാരം Dr. സ്വപ്ന T.S, HoD, ബയോടെക്നോളജി ഡിപ്പാർട്ടുമെന്റ്, കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസ്-നെ അംഗത്വം നൽകി ഉൾപ്പെടുത്തിയതായി പ്രിൻസിപ്പൽ അറിയിച്ചു.

സിവിൽ സർവീസ് അക്കാദമി, വിദ്യാർത്ഥികൾക്കായി ഒരു IAS ഓറിയന്റേഷൻ കോഴ്സ് നടത്തുവാൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരം Career & Placement Cell Convener സ്മിത ടീച്ചർ അറിയിച്ചു. ഇത് കോളേജിൽ നടത്താവുന്നതാണെന്ന് കൗൺസിൽ തീരുമാനിച്ചു.

IQAC കൺവീനർ ഡോ. രാധിക ടീച്ചർ ഓരോ ഡിപ്പാർട്ട്മെന്റിലെയും 4 students/year -നെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു student IQAC രൂപീകരിക്കേണ്ടതാണെന്ന് അറിയിച്ചു. ഓരോ ഡിപ്പാർട്ട്മെന്റും 12 വിദ്യാർത്ഥികളെ വീതം ഇതിലേക്ക് നോമിനേറ്റ് ചെയ്യേണ്ടതാണെന്ന് ടീച്ചർ നിർദ്ദേശിച്ചു. Scopus, e-Vidwan, Orcid എന്നിവയിൽ എല്ലാ അദ്ധ്യാപകരും id create ചെയ്യേണ്ടതാണെന്നും രാധിക ടീച്ചർ അറിയിച്ചു. വിദ്യാർത്ഥികളുടെ ID കാർഡ് ഡേറ്റ, അതിന്റെ verification level-ൽ ആണെന്നും, എല്ലാ HoD മാരും പ്രസ്തുത verification പൂർത്തീകരിക്കേണ്ടതാണെന്നും ഡോ. രാജു സുബിൻ അറിയിച്ചു.

കേരള യൂണിവേഴ്സിറ്റിയുടെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ പരീക്ഷകൾ നിരന്തരമായി നടക്കുന്നതു കാരണം റെഗുലർ ക്ലാസുകളും അക്കാദമിക കാര്യങ്ങളും തടസപ്പെടുന്നു എന്നും, ഇതിനാൽ ഇത്തരം പരീക്ഷകൾ കോളേജിൽ നടത്തുന്നത് ഒഴിവാക്കണമെന്നു ആവശ്യപ്പെട്ട് കോളേജിലെ എല്ലാ അധ്യാപകരും ഒപ്പിട്ട നിവേദനം യൂണിവേഴ്സിറ്റിക്ക് സമർപ്പിക്കുവാൻ കൗൺസിൽ യോഗം തീരുമാനിച്ചു.

കൗൺസിൽ യോഗം 3 pm ന് അവസാനിച്ചു.

[signature]
13/02/24



16.02.2024 12.30 pm ന് സെമിനാർ ഹാളിൽ വച്ചു നടന്ന കൗൺസിൽ യോഗത്തിന്റെ, മിനുട്സ്.

അജണ്ട:

1. SDE പരീക്ഷാ ഡ്യൂട്ടി ഒഴിവാക്കുന്നതു സംബന്ധിച്ച് യൂണിവേഴ്സിറ്റി പരീക്ഷാ കൺട്രോളറെ നേരിട്ടു കാണാനുള്ള തീരുമാനത്തിന്റെ അംഗീകാരം.
2. പൂച്ചെമ്പാറയിലെ പ്രവർത്തനങ്ങൾ, landscaping of campus ഇവയ്ക്ക് സ്റ്റാഫിന്റെ, സാമ്പത്തിക സഹായം
3. Student IQAC നോമിനേഷൻസ് (4) ജ്യോഗ്രഫി ഡിപ്പാർട്ട്മെന്റിന്റെ MoU പ്രൊപ്പോസൽ

പങ്കെടുത്തവർ:

| | | | |
|---|---|---|---|
| 1. | ഡോ. സന്ധ്യ. ജി. എസ്. | പ്രിൻസിപ്പൽ | [signature] |
| 2. | ഡോ. ടീന എലിസബത്ത് മാത്യു | വൈസ് പ്രിൻസിപ്പൽ | |
| 3. | ഡോ. ജയ്റാണി. പി. എസ്. | ബയോടെക്നോളജി | [signature] |
| 4 | Jayaram V.S. | Zoology | [signature] |
| 5 | Dr Prakash. A | Hindi | [signature] |
| 6 | Manoj. K.S | Malayalam | [signature] |
| 7. | Ashwini Ashok | French | [signature] |
| 8. | Dr. Sabeena H M | Geology | [signature] |
| 9. | Dr. Sajeev D | Physics | [signature] |
| 10. | Dr. Mohammed Shafeek | Phy Edn | [signature] |
| 11. | Dr. Radhika A | IQAC | [signature] |
| 12 | Suchithra G. Krishnan | Botany | [signature] |
| 13. | Asiya. A.S | Arabic | [signature] |
| 14. | Princy Raju | Botany | [signature] |
| 15. | Smitha Y | English | [signature] |

തീരുമാനങ്ങൾ:

1. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ, കേരളാ യൂണിവേഴ്സിറ്റി നിരന്തരമായി SDE പരീക്ഷകൾ കോളേജിൽ വച്ചു നടത്തുന്നതിനെതിരെ എല്ലാ അധ്യാപകരും ഒപ്പിട്ട നിവേദനം യൂണിവേഴ്സിറ്റിക്ക് സമർപ്പിച്ചിട്ടും, ഒരു മറുപടിയും ലഭ്യമാകാത്തതിനാൽ ഇതിൻമേലുള്ള തുടർനടപടിയായി കോളേജിനെ പ്രതിനിധീകരിച്ച് അധ്യാപകരുടെയും, PTA, വിദ്യാർത്ഥി യൂണിയൻ എന്നിവരുടെ 11 പേരടങ്ങുന്ന ഒരു സംഘം പരീക്ഷാ കൺട്രോളറെ നേരിൽ കണ്ട് വസ്തുതകൾ ബോധ്യപ്പെടുത്തണമെന്ന സ്റ്റാഫ് യോഗ തീരുമാനം കോളേജ് കൗൺസിൽ അംഗീകരിച്ചു.

2. SDE പരീക്ഷാക്രമീകരണങ്ങളിൽ നിന്നും, അതിന്റെ ഡ്യൂട്ടിയിൽ നിന്നും, തന്നെ ഒഴിവാക്കണമെന്ന് ചീഫ് പരീക്ഷാ സൂപ്രണ്ട് ഡോ. ബൈജു സർ അപേക്ഷ സമർപ്പിച്ചതായി പ്രിൻസിപ്പൽ കൗൺസിൽ അംഗങ്ങളെ അറിയിച്ചു. യൂണിവേഴ്സിറ്റി ഓർഡർ പ്രകാരം 2024 മാർച്ച് 31 വരെ സാറിന്റെ നിയമന കാലയളവായതിനാലും ഇതിനിടയിൽ മറ്റു ക്രമീകരണങ്ങൾ സാധ്യമല്ലാത്തതിനാലും നിലവിലെ സ്ഥിതി തുടരുവാൻ തീരുമാനിച്ചു.

3. പുല്ലമ്പാറ Participatory Village പ്രോഗ്രാമിനും, കോളേജ് കാമ്പസ് landscapingനും വേണ്ടി അധ്യാപകരുടെ സാമ്പത്തികസഹായം ആവശ്യമാണെന്ന് IQAC Coordinator രാധിക ടീച്ചർ അറിയിച്ചു.

4. എല്ലാ ഡിപ്പാർട്ട്മെന്റ് HoD മാരും 4 students / Year എന്ന രീതിയിൽ 12 വിദ്യാർത്ഥികളെ Student IQAC യിലേക്ക് നോമിനേറ്റ് ചെയ്ത് എത്രയും വേഗം അവരുടെ list കോളേജ് IQAC യ്ക്ക് കൈമാറണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

5. ജ്യോഗ്രഫി ഡിപ്പാർട്ട്മെന്റ് പന്തളം NSS കോളേജുമായി MoU-ൽ ഏർപ്പെടാനുള്ള അനുവാദം ചോദിക്കുകയും, കൗൺസിൽ ഇത് അംഗീകരിക്കുകയും ചെയ്തു.

1. PMന് കൗൺസിൽ യോഗം അവസാനിച്ചു.

16/02/24



21.02.2024 3 PM ന് പ്രിൻസിപ്പൽ റൂമിൽ വച്ചു നടന്ന കൗൺസിൽ യോഗത്തിന്റെ മിനുട്സ്.

അജണ്ട:

1. വിദ്യാർത്ഥികളുടെ ആർട്സ് ഫെസ്റ്റിവൽ 2024
2. PTA എക്സിക്യൂട്ടീവ് യോഗ തീരുമാനങ്ങൾ
3. internet connectivity, Computer repair എന്നീ ഇനങ്ങളിൽ സൈക്കോളജി, സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റുകളുടെ അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്.
4. SDE വിഷയത്തിലെ പരീക്ഷാ കൺട്രോളറുടെ നിലപാട്
5. മറ്റിനങ്ങൾ.

പങ്കെടുത്തവർ:

| | | |
|---|---|---|
| 1. | ഡോ. സന്ധ്യ. ജി. എസ്. | പ്രിൻസിപ്പൽ |
| 2. | ഡോ. ടീന എലിസബത്ത് മാത്യു | വൈസ് പ്രിൻസിപ്പൽ |
| 3. | ഡോ. ജയറാണി. പി. എസ്. | സൈക്കോളജി |
| 4. | ഡോ. കുമാർ ബിജു. എസ്. നായർ | മലയാളം |
| 5. | ജിഷ തിലക്, എൽ. | തമിഴ് |
| 6. | ഡോ. [illegible] | [illegible] |
| 7. | Smitha G | English |
| 8. | Sudheer B | Chemistry |
| 9. | Princy Raju | Botany |
| 10. | Suchithra G. Krishnan | ,, |
| 11. | ASIYA A S | Arabic |
| 12. | Dr. Radhika A | IQAC |
| 13. | Mereena C S | Geography |
| 14. | Siji S. Kumar | Sr. Supdt. |
| 15. | Aneesh Kumar | [illegible] |
| 16. | Anjana V | Statistics |
| 17. | Dr. Ragul Sutan S | Zoology |
| 18. | Dr. Sabeen H M | Geology |

തീരുമാനങ്ങൾ

1. വിദ്യാർത്ഥി യൂണിയന്റെ ആവശ്യപ്രകാരം ഈ വർഷത്തെ ആർട്സ് ഫെസ്റ്റിവൽ നടത്തുവാനായി ഫെബ്രുവരി 23, 26, 27 തീയതികളിൽ പ്രാക്ടിസിനും, തുടർന്ന്

ഫെബ്രുവരി 28, 29, മാർച്ച് 1 തിയതികളിലായി കലാമത്സരങ്ങളും നടത്തുവാനുള്ള അനുവാദം കൗൺസിൽ നൽകി. യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവൽ മാർച്ച് 7 മുതൽ 11 വരെ ഷെഡ്യൂൾ ചെയ്ത സാഹചര്യത്തിലാണ് ഈ തീരുമാനമെടുത്തത്. പരിപാടികളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് അന്നേ ദിവസത്തെ ഹാജർ അനുവദിക്കേണ്ടതാണെന്നും, പങ്കെടുക്കുന്നവരുടെ ലിസ്റ്റ് സ്റ്റാഫ് അഡ്വൈസർ ഫോർവേഡ് ചെയ്ത് മുൻകൂട്ടി ഡിപ്പാർട്ട്മെന്റുകളിൽ ഏൽപിക്കേണ്ടതാണെന്നും കൗൺസിൽ നിർദ്ദേശിച്ചു. പ്രോഗ്രാം തീയതികളിൽ പരിപാടികളുടെ സുഗമമായ നടത്തിപ്പിനു വേണ്ടി, ഡിസിപ്ലിൻ കമ്മിറ്റിയോടൊപ്പം എല്ലാ അധ്യാപകരും കോളേജിൽ ഉണ്ടായിരിക്കേണ്ടതാണെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

2. പുതിയ PTA യുടെ ആദ്യ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ വിദ്യാർത്ഥികളുടെ കാമ്പസിലെ Night stay ഒരു കാരണവശാലും അനുവദിക്കരുതെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടതായി പ്രിൻസിപ്പൽ അറിയിച്ചു. കോളേജിന്റെ, അച്ചടക്കം നിലനിർത്തുവാനുള്ള അധ്യാപകരുടെ ശ്രമങ്ങളിൽ പരിപൂർണ്ണമായ സഹകരണം PTA എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഭാഗത്തു നിന്നുണ്ടാകുമെന്നും അറിയിച്ചു. NAAC visit ന്റെ ഭാഗമായി PTA യ്ക്ക് കോളേജിനു സംഭാവന നൽകാൻ താല്പര്യമുണ്ടെന്നും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ അറിയിച്ചതായി രാഹുൽ സർ (PTA സെക്രട്ടറി) കൗൺസിലിനെ അറിയിച്ചു.

3. ഇന്റർനെറ്റ് കണക്റ്റിവിറ്റിക്കു വേണ്ടി ബോട്ടണി, CS, സുവോളജി, ബയോകെമിസ്ട്രി ഡിപ്പാർട്ടുമെന്റുകൾ സമർപ്പിച്ച പ്രൊപ്പോസലും, കമ്പ്യൂട്ടർ റിപ്പയറിനു വേണ്ടി സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് സമർപ്പിച്ച അപേക്ഷയും PD അക്യുമുലേറ്റഡ് അക്കൗണ്ടിൽ നിന്നും ഫിനാൻഷ്യൽ അസിസ്റ്റൻസിനു വേണ്ടി Forward ചെയ്യാവുന്നതാണെന്ന് കൗൺസിൽ തീരുമാനിച്ചു.



4. ഡിസ്റ്റൻസ് എഡ്യൂക്കേഷന്റെ, SDE പരീക്ഷകൾ കഴിഞ്ഞ 3 വർഷങ്ങളായി കോളേജിലെ റെഗുലർ ക്ലാസുകൾ വലിയ തോതിൽ തടസ്സപ്പെടുത്തുന്നു എന്ന വിവരം, കോളേജിൽ നിന്നും അധ്യാപകപ്രതിനിധികളുൾപ്പെടുന്ന ഒരു ടീം, കേരള യൂണിവേഴ്സിറ്റി പരീക്ഷാ കൺട്രോളറെ നേരിൽ കണ്ട് ബോധ്യപ്പെടുത്തി. ആയതിനാൽ, അദ്ദേഹം കാര്യവട്ടം കോളേജ് SDE യുടെ പരീക്ഷാ Center ആയിട്ടുള്ളത് ഒഴിവാക്കണമെന്നുള്ള അപേക്ഷ പരിഗണിക്കാമെന്ന് പറഞ്ഞ കാര്യം പ്രിൻസിപ്പൽ കൗൺസിലിനെ അറിയിച്ചു.

5. PWD റോഡ് നിർമ്മാണപ്രവൃത്തികൾക്കായി കോളേജിലെ കിണറ്റിൽ നിന്നും മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടതായി പ്രിൻസിപ്പൽ അറിയിച്ചു. ഇതിന് മുൻകൂർ അനുമതി തേടിയിട്ടില്ലാത്തതാണെന്നും, കോളേജിലെ സൗകര്യങ്ങൾ കൺസ്ട്രക്ഷൻ ജോലിക്കാർ ദുരുപയോഗം ചെയ്യുന്നത് കർശനമായി തടയണമെന്നും കൗൺസിൽ അഭിപ്രായപ്പെട്ടു. അതു പോലെ, പ്രധാന വാട്ടർടാങ്കിൽ നിന്നും വെള്ളം കൺസ്ട്രക്ഷൻ ആവശ്യത്തിനായി ചോർത്തിയെടുക്കുന്നത് തടയുവാനായി കോളേജ് സമയത്തിനു ശേഷം Night watchman-നെ കൊണ്ട് പ്രധാന വാട്ടർടാങ്കിന്റെ വാൽവ് close ചെയ്യിക്കേണ്ടതാണെന്ന് കൗൺസിൽ തീരുമാനിച്ചു. PWD റോഡ് നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കണമെന്നുള്ള ആവശ്യം കോൺട്രാക്ടറെ അറിയിക്കുന്നതാണെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

6. Continuing Education Cell, പുതിയ ഒരു PG ഡിപ്ലോമ കോഴ്സ് (സൈക്കോളജി & കൗൺസിലിംഗ്) ആരംഭിക്കുവാനുള്ള പ്രൊപ്പോസൽ സമർപ്പിച്ചതായി ഡോ. രാഹുൽ സുബിൻ സർ കൗൺസിലിനെ അറിയിച്ചു. എന്നാൽ, നാലുകെട്ട് ബ്ലോക്കിൽ വച്ച് എല്ലാ ശനിയാഴ്ചകളിലും 4 hr വീതം വർക്ക്ലോഡുള്ള പ്രസ്തുത കോഴ്സ് അനുവദിക്കാവുന്നതല്ല എന്ന് കൗൺസിൽ അംഗങ്ങൾ അഭിപ്രായപ്പെട്ടു. നിലവിൽ CEC സ്റ്റാഫ് ഇല്ലാത്ത സാഹചര്യത്തിലാണ് ഈ നിലപാട്. CEC ക്കുവേണ്ടി

ൽ കോളേജിന് ഉപയോഗിക്കാവുന്ന തുക വകുപ്പ് ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാവുന്നതാണെന്ന് കൗൺസിൽ അഭിപ്രായപ്പെട്ടു.

7. Gender Justice Forum കൺവീനർ ഡോ. സിനി. H ന്റെ അപേക്ഷപ്രകാരം Mr. ഉല്ലാസ് R.S, Ms. അമൃത സോമൻ (അധ്യാപക ജീവനക്കാർ) Mrs. സുജി. S. കുമാർ Mr. നജിം. S (അനധ്യാപക ജീവനക്കാർ), Mr. അനിജിത്ത്. A (2nd Yr BC), Ms. ഷബാന. S.S (2nd Yr. Geography) Ms. ഫാത്തിമ. A. (2nd Yr PCA) എന്നി വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ജെൻഡർ ജസ്റ്റിസ് ഫോറം പുനർവിന്യസിക്കുവാൻ കൗൺസിൽ തീരുമാനിച്ചു.

8. ഉത്തരവ് നമ്പർ P3/10759/2023/DCE dated 21/12/2023 പ്രകാരം Inflibnet e-journal Subscription പുതുക്കുന്നതിനായി 5900/- രൂപ ഭരണാനുമതിയോടെ അനുവദിച്ച് ഉത്തരവായിരുന്നു. സബ്സ്ക്രിപ്ഷൻ പുതുക്കുന്നത് ഓൺലൈൻ ആയി ചെയ്യേണ്ടതുള്ളതിനാൽ ഫിസിക്സ് വിഭാഗം മേധാവി ഡോ. സജീവ് കുമാറിനെ ആയതിനായി ചുമതലപ്പെടുത്തി. Subscription പുതുക്കി റിസിപ്റ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഡോ. സജീവ് കുമാറിന്റെ അക്കൗണ്ടിൽ ടി. ഉത്തരവ് പ്രകാരം അനുവദിച്ച തുക transfer credit ചെയ്തു നൽകാവുന്നതാണെന്ന് കൗൺസിൽ യോഗം തീരുമാനിച്ചു.

യോഗം 3.35 ന് അവസാനിച്ചു.

[signature]
21/02/24



13.03.2024 10.00 Am ന് പ്രിൻസിപ്പൽ റൂമിൽ വച്ചു നടന്ന കൗൺസിൽ യോഗത്തിന്റെ മിനുട്സ്.

അജണ്ട:

1. നാലുകെട്ട് ബ്ലോക്കിന്റെ സുരക്ഷിതത്വം ഉറപ്പാക്കുവാനുള്ള നടപടികൾ.
2. നിർമ്മാണ തൊഴിലാളികൾ കോളേജിൽ താമസിക്കുന്നതു സംബന്ധിച്ച്
3. 2023-24 Annual stock verification കമ്മിറ്റി രൂപീകരണം.

പങ്കെടുത്തവർ:

| | | | |
|---|---|---|---|
| 1. | ഡോ. സന്ധ്യ. ജി. എസ്. | പ്രിൻസിപ്പൽ | [signature] |
| 2. | ഡോ. ടീന ഫെലിസ്വെന്ത് ദാസു | വൈസ് പ്രിൻസിപ്പൽ | [signature] |
| 3. | അശ്വതി അശോക് | ഫ്രെഞ്ച് | [signature] |
| 4 | അഞ്ജന. വി | സ്റ്റാറ്റിസ്റ്റിക്സ് | [signature] |
| 5. | Dr. Jeethenthiran. N | Tamil | N. Jeetht |
| 6. | Dr. Sajeev D | Physics | [signature] |
| 7. | സുചിത്ര ജി കുറുപ്പ് | ബോട്ടണി | [signature] |
| 8. | Dr. സിനി എച്ച് | ബയോകെമിസ്ട്രി | [signature] |
| 9 | റെനിമ സി. എസ് | ജ്യോഗ്രഫി | [signature] |
| 10 | Josna Rajan | English | [signature] |
| 11 | Suji. S. Kumar | Sr. Supdt. | [signature] |
| 12 | Dr. Kumari Sreeja Sivan | Mathematics | [signature] |
| 13 | Dr. Prakash. A | Hindi | [signature] |
| 14. | Dr. Radhika A | IQAC Coordinator | [signature] |
| 15. | [illegible] | മലയാളം | [signature] |
| 16 | സുനിത [illegible] | സംസ്കൃതം | [signature] |
| 17 | അസില. എ. എസ്. | അറബിക് | [signature] |
| 18. | Dr. Sabeen. H. M. | Geology | [signature] |
| 19. | ~~Dr.~~ A. Mohammed Shafeek | Physical Edn | [signature] |

തീരുമാനങ്ങൾ:

1. 12.03.2024 രാവിലെ 10 മണിയോടെ പ്രിൻസിപ്പലിനെ കാണാൻ വേണ്ടി കോളേജിലെത്തിയ പോലീസ് സം

കോളേജ് വിദ്യാർത്ഥികളല്ലാത്ത ചില അജ്ഞാതർ നാലുകെട്ട് ബ്ലോക്കിന്റെ മുന്നിൽ വച്ചു കാണപ്പെട്ടു. പോലീസിനെ കണ്ട് ഓടിയ അവരിൽ ഒരാളെ പോലീസ് പിടി കൂടുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ അനധികൃതമായി outsiders കോളേജുകളിൽ കടക്കുന്നത് കർശനമായി വിലക്കണമെന്ന് കോളേജ് കൗൺസിൽ അഭിപ്രായപ്പെട്ടു. കൂടാതെ നൈറ്റ് വാച്ച്മാൻമാർ ദിവസം സെക്യൂരിറ്റി daywise activity register പ്രിൻസിപ്പലിന് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചു. അന്നേ ദിവസം പ്രിൻസിപ്പൽ ചാർജ്ജ് ആയിരുന്ന ഡോ. ടീന എലിസബത്ത് മാത്യു പ്രിൻസിപ്പലിന് ഇമെയിലായി അയച്ച റിപ്പോർട്ട് യോഗം വിശദമായി ചർച്ച ചെയ്തു. നാലുകെട്ട് ബ്ലോക്കിലെ NK 11 പെയിന്റിംഗിന് ശേഷം തുറന്ന നിലയിലായിരുന്നു എന്നും ഈ മുറികളിൽ കുറെ വ്യക്തിപരമായി ഉപയോഗിച്ച വസ്തുക്കൾ കണ്ടെടുത്തു എന്നും പ്രിൻസിപ്പൽ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിദ്യാർത്ഥികൾ രേഖാമൂലം അപേക്ഷിക്കുന്ന പക്ഷം, ഈ സാധനങ്ങൾ Receipt സ്വീകരിച്ച ശേഷം വിട്ടുകൊടുക്കാവുന്നതാണെന്ന് കൗൺസിൽ തീരുമാനിച്ചു.

ഡിസിപ്ലിൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ അധ്യാപകർ ഇടയ്ക്കിടെ നാലുകെട്ട് ബ്ലോക്കിലെ ക്ലാസ് മുറികൾ സന്ദർശിക്കേണ്ടതാണെന്നും, ട്യൂട്ടേഴ്സ് കമ്മിറ്റി ഇത് monitor ചെയ്യേണ്ടതാണെന്നും പ്രിൻസിപ്പൽ നിർദ്ദേശിച്ചു. കോളേജിലെ Blind areas-ൽ അടിയന്തിരമായി വെളിച്ചം, ക്യാമറ എന്നിവ സ്ഥാപിച്ച് സുരക്ഷിതത്വം ഉറപ്പാക്കുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. ഡോ. ടീന എലിസബത്ത് മാത്യു, ഡോ. രാഹുൽ സുബിൻ, ഡോ. ബൈജു ഇവർ മൂന്ന് പേരടങ്ങുന്ന ഒരു കമ്മിറ്റിയെ ഇതിനുവേണ്ടി കൗൺസിൽ നിയമിച്ചു.

2. കോളേജിൽ നടക്കുന്ന PWD നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളികൾ കോളേജിൽ താമസിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണെന്ന് കൗൺസിൽ അഭിപ്രായപ്പെട്ടു. ഇതുമായും, മറ്റു



നിർമ്മാണ പ്രവർത്തനങ്ങളുമായും [illegible] PWD എക്സിക്യൂട്ടീവ് എഞ്ചിനീയറും കോൺട്രാക്ടറുമായും ഒരു യോഗം ഉടനടി തന്നെ കൂട്ടുന്നതാണെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

3. 2023-24 ആന്വൽ സ്റ്റോക്ക് വെരിഫിക്കേഷനു വേണ്ടി ഡോ. പ്രകാശ് A (ഹിന്ദി ഡിപ്പാർട്ട്മെന്റ്)-നെ ജനറൽ കൺവീനറായി കൗൺസിൽ തിരഞ്ഞെടുത്തു. സമയബന്ധിതമായി സ്റ്റോക്ക് വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണെന്ന് പ്രിൻസിപ്പൽ നിർദ്ദേശിച്ചു.

കൗൺസിൽ യോഗം 12.00ന് അവസാനിച്ചു.

13/03/24

27.03.2024 10.30 AM ന് പ്രിൻസിപ്പൽ റൂമിൽ വച്ചു നടന്ന കൗൺസിൽ യോഗത്തിന്റെ മിനുട്സ്.

അജണ്ട:

1. FYUGP implementation
2. NAAC SSR സബ്മിഷൻ
3. ആന്വൽ സ്റ്റോക്ക് വെരിഫിക്കേഷൻ
4. ഫിസിക്സ് ഡിപ്പാർട്ട്മെന്റ് HoD യുടെ അപേക്ഷ പ്രകാരം ഡിപ്പാർട്ട്മെന്റ് സ്റ്റാഫ് മീറ്റിംഗ് നടത്തുന്നത് സംബന്ധിച്ച്
5. വെക്കേഷൻ ക്ലാസുകളുടെ നടത്തിപ്പ്
6. വരുന്ന അക്കാദമിക് വർഷത്തെ Plan fund പ്രൊപ്പോസൽ സമർപ്പണം.

പങ്കെടുത്തവർ

1. ഡോ. സന്ധ്യ. ജി.എസ്. പ്രിൻസിപ്പൽ [signature]
2. ഡോ. ടീന എലിസബത്ത് മാത്യു. വൈസ് പ്രിൻസിപ്പൽ [signature]
3. ഡോ. ജയ്റാണി. പി.എസ്. ബയോടെക്നോളജി [signature]
4. ഡോ. രാധിക.എ. IQAC Coordinator [signature]
5. ഡോ. ധന്യ.സി.ആർ. (നാക്ക് കോർഡിനേറ്റർ.)
6. Josna Rajan English [signature]
7. ഷെറിൻ സി. നസ് ജോഗ്രഫി [signature]
8. സവിത ജോസിൻ എം.ആർ [signature]
9. ഡോ. കുമാരി ശ്രീജ. എസ്. നായർ മാത്തമാറ്റിക്സ് [signature]
10. Dr. Boban. P.T FYUGP Coordinator [signature]
11. Areesh Kumar R [signature]
12. Dr. A. Mohamed Shafeek Physical Education [signature]
13. Dr. ബിനി ഏലിയാസ് ബയോകെമിസ്ട്രി [signature]
14. Dr. Sajeev D Physics [signature]
15. Jayaram. V.S Zoology [signature]
19. Dr. Prakash. A Hindi [signature]
20. Dr. Sabeen. H.M Geology [signature]
21) Princy. Raju Botany [signature]
22. Suchithra ... Botany [signature]

തിരുമാനങ്ങൾ.

1. വരുന്ന അക്കാദമിക വർഷം നടപ്പിലാക്കുന്ന 4 വർഷ UG



പ്രോഗ്രാം (FYUGP), നമ്മുടെ കോളേജിൽ നടപ്പിലാക്കുവാൻ എല്ലാ HoD മാരും അവരവരുടെ ഡിപ്പാർട്ട്മെന്റ് വർക്ക്ലോഡിൻ ആനുപാതികമായ വൈവിധ്യമാർന്ന കോഴ്സുകൾ അതാത് വിഷയത്തിലെ BoS Approval-ഓടെ തയ്യാറാക്കേണ്ടതാണെന്ന് കോളേജ് FYUGP Coordinator ഡോ. ബോബൻ സർ അറിയിച്ചു.

2. മെയ് മാസം 20-ാം തിയതിയോടെ NAAC SSR submit ചെയ്യേണ്ടതാണെന്നും, ഇതിനായി എല്ലാ Criteria coordinators ഉം data compilation സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് അത്യാവശ്യമാണെന്നും IQAC coordinator ഡോ. രാധിക. A. അഭിപ്രായപ്പെട്ടു. വെക്കേഷൻ കാലയളവിൽ department files, teachers diary എന്നിവ പൂർത്തിയാക്കി NAAC visit preparations നടത്തേണ്ടതാണെന്നും ടീച്ചർ നിർദ്ദേശിച്ചു. NAAC ഫണ്ട് പ്രൊപ്പോസൽ സമർപ്പിക്കാനും തീരുമാനിച്ചു.

3. ഡിപ്പാർട്ട്മെന്റുകളിലെ Annual stock verification, IT proposals എന്നിവ എല്ലാവരും നിർദ്ദിഷ്ട ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണെന്ന് പ്രിൻസിപ്പൽ നിർദ്ദേശിച്ചു.

4. Optics വിഷയത്തിലെ ഗവേഷണ സംബന്ധമായി Physics dept HoD ഡോ. സജീവ് സർ സമർപ്പിച്ച അപേക്ഷയിൻമേൽ കോളേജ് പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ, ഫിസിക്സ് ഫാക്കൽറ്റി എന്നിവരടങ്ങുന്ന ഒരു സ്റ്റാഫ് യോഗം കൂടി ഉചിതമായി തീരുമാനത്തിലെത്തണമെന്ന് കൗൺസിൽ തീരുമാനിച്ചു

5. വെക്കേഷൻ കാലയളവിൽ ക്ലാസുകൾ നടത്താൻ വേണ്ട അപേക്ഷകൾ ഡിപ്പാർട്ട്മെന്റുകൾക്ക് സമർപ്പിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ അറിയിച്ചു. PhD, M.Sc വിദ്യാർത്ഥികൾക്ക് ക്ലാസ്/റിസർച്ച് വർക്ക് നടക്കുന്നുണ്ടെങ്കിൽ അവരുടെ കൃത്യമായ അറ്റൻഡൻസ് രേഖപ്പെടുത്തേണ്ടതാണെന്നും കൗൺസിൽ നിർദ്ദേശിച്ചു. ക്ലാസ്റൂം/ലാബ് താക്കോൽ ഒരു കാരണവശാലും വിദ്യാർത്ഥികൾ പ്രിൻസിപ്പൽ റൂമിൽ നിന്ന് എടുക്കാൻ പാടില്ല, ഇതിന്റെ ഉത്തരവാദിത്വം അധ്യാപകർ തന്നെ ഏറ്റെടുക്കേണ്ടതാണ്.

6. 2024-25 ലേക്കുള്ള Plan fund പ്രൊപ്പോസലുകൾ എല്ലാ ഡിപ്പാർട്ട്മെന്റുകളും മുൻകൂട്ടി തയ്യാറാക്കി വയ്ക്കേണ്ടതാണെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

കൗൺസിൽ യോഗം 12. മണിക്ക് അവസാനിച്ചു.

[signature] 07/03/24

24. 04. 2024 10.30 AM ന് പ്രിൻസിപ്പൽ റൂമിൽ നടന്ന കൗൺസിൽ യോഗത്തിന്റെ മിനുട്ട്സ്.

അജണ്ട:

1. FYUGP implementation
2. SDE പരീക്ഷ, നടത്തിപ്പിനുവേണ്ടി പരീക്ഷാ സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട് എന്നിവരുടെ willingness
3. കാമ്പസ് വ്യവസായ പാർക്ക് പ്രൊപ്പോസൽ
4. ഇൻസ്റ്റിറ്റ്യൂഷണൽ റിസ്ക് മാനേജ്മെന്റ് കമ്മറ്റി
5. ICC Reconstitution.

പങ്കെടുത്തവർ:

1. ഡോ. സന്ധ്യ. ജി. എസ് പ്രിൻസിപ്പൽ
2. ഡോ. ടീന എലിസബത്ത് മാത്യു - വൈസ് പ്രിൻസിപ്പൽ
3. ഡോ. ജയ്റാണി. പി. എസ്. ബയോടെക്നോളജി
4. ഡോ. രാധിക. G IQAC കോഓർഡിനേറ്റർ
5. ഡോ. ധന്യ. സി. ആർ NAAC കോഓർഡിനേറ്റർ
6. അശ്വിനി അശോക് ഫ്രഞ്ച്
7. ഡോ. കുമാരി ... എസ്. നായർ മാത്തമാറ്റിക്സ്
8. മാർവിൻ ജോൺ സ്റ്റാറ്റിസ്റ്റിക്സ്
9. സുചിത്ര ജി. കുറുപ്പ് ബോട്ടണി
10. ജോഹാൻസൻ. പി. ജി FYUGP
11. അനുഷ. ജോസ് കെമിസ്ട്രി
12. മെറിൻ സി. തോമസ് ജോഗ്രഫി
13. ഡോ. സിനി മാത്യു ബയോകെമിസ്ട്രി
14. Dr. Jeethenthiran, N. Tamil
15. Dr. Prakash. A Hindi
16. Dr. Raghul Sabu S സുവോളജി
17. Dr. Sajeev D Phys.
18. Aneesh Kumar R Phy
19. Sunitha S. Sanskrit



തീരുമാനങ്ങൾ

1. 2024 അക്കാദമിക വർഷം കേരള യൂണിവേഴ്സിറ്റിയുടെ FYUGP കോളേജിൽ നടപ്പിലാക്കുന്നതു സംബന്ധിച്ചുള്ള മാർഗനിർദ്ദേശങ്ങൾ കൗൺസിൽ ചർച്ച ചെയ്തു. 23.4.2024 ന് EMS Hall-ൽ വച്ചു നടന്ന മീറ്റിംഗിൽ ലഭ്യമായ വിവരങ്ങൾ പ്രിൻസിപ്പൽ കൗൺസിൽ അംഗങ്ങളെ അറിയിച്ചു. മെയ് 15 ന് ഡിഗ്രി അഡ്മിഷൻ നോട്ടിഫിക്കേഷൻ നടക്കുമെന്നും, ജൂൺ 15 ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ജൂലൈ 1 ന് അഡ്മിഷൻ നടപടികൾ നടത്തുന്നതാണെന്നും പ്രിൻസിപ്പൽ അറിയിച്ചു.
കേരള യൂണിവേഴ്സിറ്റി ഏപ്രിൽ 29-ന് open ആകുന്ന കോഴ്സ് ബാസ്ക്കറ്റിൽ നിന്നും, നമ്മുടെ കോളേജ് തെരഞ്ഞെടുക്കുന്ന കോഴ്സുകൾ മെയ് 6-നകം കോളേജ് ബാസ്ക്കറ്റിലേക്ക് അപ്‌ലോഡ് ചെയ്യേണ്ടതാണ്. ആദ്യ 6 സെമസ്റ്ററുകളിലെ കോഴ്സുകളാണ് ഈ ഘട്ടത്തിൽ തിരഞ്ഞെടുക്കേണ്ടത്. ഇതിനുവേണ്ടി കോളേജിലെ നിലവിൽ student intake ഉള്ള ഡിപ്പാർട്ട്മെന്റിലെ വർക്ക്ലോഡിന് അനുയോജ്യമായ പ്രോഗ്രാം Pathway select ചെയ്ത്, ഈ workload calculation implementation കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനത്തിലെത്തണമെന്ന് കൗൺസിൽ അഭിപ്രായപ്പെട്ടു.

2. SDE പരീക്ഷകൾ കോളേജിൽ വീണ്ടും ഷെഡ്യൂൾ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ, ഡോ. ബൈജു. S. വ്യക്തിപരമായും, ആരോഗ്യപരമായും ഉള്ള കാരണങ്ങളാൽ ചീഫ് സൂപ്രണ്ട് സ്ഥാനത്തുനിന്നും ഒഴിവാകണമെന്ന് അഭിപ്രായപ്പെട്ടു. ഇപ്രകാരം ഡോ. ബൈജു. S സ്ഥാനമൊഴിയുകയാണെങ്കിൽ പകരം ഒരാളെ കണ്ടെത്തുവാനായി willingness circulate ചെയ്യാനും willing ആയ ആളുടെ പേരിൽ ഗവ. കോളേജ് കാര്യവട്ടം ചീഫ് സൂപ്രണ്ട് എന്ന രീതിയിൽ യൂണിവേഴ്സിറ്റി ദ്വാരാ തേടയുടെ നിയമനം ഉണ്ടാകുന്നതുവരെയുള്ള നടപടികൾക്കായി കൗൺസിൽ ശുപാർശ ചെയ്തു.

3. വ്യാവസായിക ആവശ്യത്തിനായി കാമ്പസിലെ ഉപയോഗരഹിതമായിരിക്കുന്ന ഭൂമി ഉപയോഗപ്പെടുത്താമെന്ന വ്യവസായവകുപ്പി

ന്റെ അറിയിപ്പ് പ്രിൻസിപ്പൽ കൗൺസിലിനെ അറിയിച്ചു. അങ്ങനെയൊരു ഭൗതിക സാഹചര്യം ഇല്ലാത്തതുകൊണ്ട് പ്രസ്തുത അറിയിപ്പിൻമേൽ ചർച്ച വേണ്ടെന്ന് കൗൺസിൽ തീരുമാനിച്ചു.

4. പ്രിൻസിപ്പൽ ചെയർമാനായും, ഡിസ്ട്രിക്ട് ഡിസാസ്റ്റർ മാനേജ്മെന്റ് പ്രതിനിധി അംഗമായും ഉള്ള ഒരു ഇൻസ്റ്റിറ്റ്യൂഷണൽ റിസ്ക് മാനേജ്മെന്റ് കമ്മിറ്റി കോളേജിൽ രൂപീകരിക്കേണ്ടതാണെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

5. കോളേജിൽ നിലവിലുള്ള Internal Complaint Committee ഡോ. രാധിക. A. Associate Professor of Biochemistry (Presiding officer), ഡോ. പ്രകാശ് A, Dr. സുനിതS (അദ്ധ്യാപകർ), ശ്രീമതി നിത. S. ശ്രീമതി സൂര്യ. V. S (അനദ്ധ്യാപകർ), അനിജിത്ത് A, ലക്ഷ്മി (വിദ്യാർത്ഥി പ്രതിനിധികൾ), ശ്രീകല TS (NGO അംഗം) എന്നിവർ അംഗങ്ങളായി Reconstitute ചെയ്യുവാൻ തീരുമാനിച്ചു.
6. NAAC പരിശോധനയുടെ 96 ലക്ഷത്തിന്റെ പ്രൊപ്പോസൽ ചെയ്യുന്ന കൗൺസിൽ തീരുമാനപ്രകാരം ADC-യെ നേരിൽ കണ്ട് സമർപ്പിച്ച കാര്യം പ്രിൻസിപ്പൽ അറിയിച്ചു.

[signature] 24/4/24



15. 05. 2024 3 pm ന് പ്രിൻസിപ്പൽ റൂമിൽ വച്ചു നടന്ന കൗൺസിൽ യോഗത്തിന്റെ, മിനുട്സ്.

അജണ്ട :

1. FYUGP കോളേജ് ബാസ്കറ്റ് filling
2. FYUGP implementation - current status
3. FYUGP കോളേജ് Brochure preparation
4. Academic software proposal-ന് മേലുള്ള തീരുമാനം.
5. NAAC സന്ദർശനം. 6. ബയോകെമിസ്ട്രിയുടെ വർക്ക്ലോഡ് അറേഞ്ച്മെന്റ് സംബന്ധമായി HoD സമർപ്പിച്ച അപേക്ഷ. 7. മറ്റിനങ്ങൾ തീരുമാനങ്ങൾ

പങ്കെടുത്തവർ :-

| | | | |
|---|---|---|---|
| 1 | ഡോ. സന്ധ്യ. ജോൺ | (പ്രിൻസിപ്പൽ | [signature] |
| 2 | ഡോ. റീന എലിസബത്ത് മത്തായി | വൈസ് പ്രിൻസിപ്പൽ | [signature] |
| 3 | ഡോ. ജെയ്റാണി. പി.ജോൺ | | [signature] |
| 4 | ഡോ. [illegible] ജോൺ | (Zoology) | [signature] |
| 5 | ഡോ. സിനി മാത്യു | ബയോകെമിസ്ട്രി (S) | [signature] |
| 6 | ഡോ. ധന്യ. സി.ആർ. | ബയോകെമിസ്ട്രി. | [signature] |
| 7 | ഡോ. രാധിക. എ. | ബയോകെമിസ്ട്രി. | [signature] |
| 8 | ഡോ. സജീവ് ബി | ഫിസിക്സ് വിഭാഗം | [signature] |
| 9 | ദിനോജ്. കെ.ജോസ് | മലയാളം | [signature] |
| 10 | Josna Rajan | English | [signature] |
| 11 | സുനിത ജോസ്. | സംസ്കൃതം | [signature] |
| 12 | സുചിത്ര ജി. കൃഷ്ണൻ | ബോട്ടണി | [signature] |
| 13 | [illegible] രാജു | ബോട്ടണി | [signature] |
| 14 | Areesh Kumar R | Phy | [signature] |
| 15 | Sudheer B | Chemistry | [signature] |
| 16 | Dr. Prakash A | Hindi | [signature] |
| 17 | Satheenthar. A S. | Statistics | [signature] |
| 18 | Doney Kurian | Mathematics | [signature] |
| 19 | Vinod kumar S | H.A | [signature] |
| 20 | Dr. Boban. P.T | FYUGP Coordinator | [signature] |
| 21 | Jayaram. V.S | Zoology | [signature] |
| 22 | Dr. A. Mohammed Shafeeda | Phy Edn | [signature] |

തീരുമാനങ്ങൾ

1. FYUGP implementation-ന്റെ ഭാഗമായി 15.05.2024 നു മുമ്പായി കോളേജ് ലെവൽ കോഴ്സ് ബാസ്ക്കറ്റ് fill ചെയ്യേണ്ടതാണ്. നിലവിൽ ബയോടെക്നോളജി ഡിപ്പാർട്ട്മെന്റിന് മൾട്ടിഡിസിപ്ലിനറി കോഴ്സ് structure ലഭ്യമല്ലാത്തതിനാൽ ബാസ്ക്കറ്റ് fill ചെയ്യാൻ കഴിഞ്ഞിട്ടില്ല. യൂണിവേഴ്സിറ്റി ഒരു Pathway structure അനുവദിക്കുന്ന പ്രകാരം അത് follow ചെയ്ത് കോഴ്സ് നടത്തേണ്ടതാണ്.

2. FYUGP കോളേജ് coordinator ഡോ. ജോബൻ സർ നിലവിലെ status കൗൺസിൽ മുമ്പാകെ അവതരിപ്പിച്ചു. ബയോകെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, ജ്യോഗ്രഫി, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ് എന്നീ ഡിപ്പാർട്ട്മെന്റുകളിലെ വർക്ക്ലോഡ് satisfy ചെയ്യുന്ന തരത്തിലെ കോഴ്സ് structure ലഭ്യമായിട്ടുള്ളതും, ഈ കോഴ്സുകൾ അതാത് HoDs അംഗീകരിച്ച് upload ചെയ്തു കഴിഞ്ഞതുമാണ്. ജിയോളജി, മാത്സ് ഡിപ്പാർട്ട്മെന്റുകൾ മൈനർ ഓഫർ ചെയ്യുന്നതാണ്. ഇംഗ്ലീഷ്, ഫ്രഞ്ച്, അറബിക്, സംസ്കൃതം, മലയാളം, ഹിന്ദി, തമിഴ്, ഫിസിക്കൽ എഡ്യുക്കേഷൻ എന്നിവരും അവരവരുടെ വർക്ക്ലോഡിന് അനുസൃതമായി ബാസ്ക്കറ്റ് fill ചെയ്തിട്ടുണ്ട്.

ബയോടെക്നോളജിയുടെ കാര്യത്തിൽ Course structure തീരുമാനമായിട്ടില്ല. നിലവിൽ ഞങ്ങൾ ബയോടെക്നോളജി multimajor structure-ൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ FYUGP implement ചെയ്യുമ്പോൾ ബയോടെക്നോളജിയുടെ stream-ൽ തുടരാൻ ആഗ്രഹിക്കുന്നുവെന്ന് കെമിസ്ട്രി, ബയോകെമിസ്ട്രി ഡിപ്പാർട്ടുമെന്റുകൾ ആവശ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ നിലവിലുള്ള ഒരു course structure-ഉം ഇത്രയും വർക്ക്ലോഡ് fit ആകുന്നില്ല. അധ്യാപകർക്കിടയിൽ ഒരു Consensus ഇല്ലാത്തതിനാൽ യൂണിവേഴ്സിറ്റി അംഗീകരിച്ച Course structure ലഭ്യമാകുന്നതുവരെ wait ചെയ്യാവുന്നതാണ്.



കൂടുതൽ ക്ലാസ്റൂമുകൾ ആവശ്യമായി വരും. SEC/VAC/MDC കോഴ്സുകൾ കോളേജ് ബാസ്ക്കറ്റിൽ ഇടുന്നവർ, ഇത് edit ചെയ്യാൻ കഴിയില്ലെന്നതും, ഇത് open platform-ൽ വിദ്യാർത്ഥികൾ view ചെയ്യുന്നതാണെന്ന കാര്യം ശ്രദ്ധിക്കണമെന്ന് സർ അറിയിച്ചു.

3. FYUGP യ്ക്കു വേണ്ടി കോളേജ് തലത്തിൽ ഒരു Brochure തയ്യാറാക്കേണ്ടതാണ്. ഡിപ്പാർട്ട്മെന്റുകൾ സ്വന്തമായി Brochure തയ്യാറാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവ Publish ചെയ്യുന്നതിനു മുമ്പ് പ്രിൻസിപ്പൽ / FYUGP coordinator എന്നിവരുടെ approval വാങ്ങേണ്ടതാണ്.

4. Genei Solutions Private Ltd എന്ന കമ്പനി student data management സഹായകരമാകുന്ന ഒരു academic software proposal സമർപ്പിച്ചിരിക്കുന്നു. ഒരു വിദ്യാർത്ഥിക്ക് പ്രതിവർഷം 150 രൂപ നിരക്കിലാണ് ഇതിന്റെ ചിലവ്. ഇത് നമ്മുടെ കോളേജിൽ നടപ്പിലാക്കുന്നത് DCE യെ അറിയിച്ച്, അംഗീകാരത്തോടെ ആയിരിക്കണമെന്ന് കൗൺസിൽ തീരുമാനിച്ചു.

5. NAAC സന്ദർശനവുമായി ബന്ധപ്പെട്ട് IIQA മെയ് 24-25 ന് upload ചെയ്യപ്പെടുമെന്നും തുടർന്ന് 45 ദിവസങ്ങൾക്കുള്ളിൽ SSR upload ചെയ്യേണ്ടതുണ്ടെന്നും NAAC coordinator അറിയിച്ചു.

6. ബയോടെക്നോളജിയുടെ വർക്ക്ലോഡ് സംബന്ധമായി HoD സമർപ്പിച്ച അപേക്ഷ കൗൺസിൽ ചർച്ച ചെയ്തു. FYUGP restructuring-ൽ ഞങ്ങൾക്ക് അർഹതപ്പെട്ട ഒരു അധ്യാപക വർക്ക്ലോഡ് തിരികെ നൽകേണ്ടതാണ് ന്യായം എന്ന് ബയോടെക്നോളജി HoD ഡോ. ജയ്റാണി. P.S അഭിപ്രായപ്പെട്ടു. എന്നാൽ, ബയോകെമിസ്ട്രി HoD ഡോ. ബിനി. H, ഞങ്ങളുടെ ഒരു sanctioned post ബയോടെക്നോളജി ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള വർക്ക്ലോഡിൽ ആയതിനാൽ ഇത് സാധിക്കില്ലെന്ന് അഭിപ്രായപ്പെട്ടു. ഭിന്നാഭിപ്രായങ്ങൾ ഉ.

ഈ അപേക്ഷ DCE ലേക്ക് forward ചെയ്യപ്പെട്ടില്ല.

7. മെയിന്റനൻസ് പ്രൊപ്പോസലിൽ ലേഡീസ് അമിനിറ്റി സെന്ററിന്റെ floor interlocking, Gents toilet Block roofing എന്നിവ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിച്ച കാര്യം പ്രിൻസിപ്പൽ അറിയിച്ചത് കൗൺസിൽ അംഗീകരിച്ചു.

ജൂണിൽ College reopening ന് മുൻപായി കാമ്പസും ക്ലാസ്റൂമുകളും വൃത്തിയാക്കേണ്ടതാണ്. ഓഫീസിലെ UPS തകരാറിലായത് Repair ചെയ്യേണ്ട ആവശ്യം ഉണ്ട്. Toilet Block ലേക്കുള്ള റോഡ് ടാറിംഗിനുള്ള estimate ലഭ്യമായതിനാൽ അത് സമർപ്പിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

കൗൺസിൽ യോഗം 4.30pm ന് അവസാനിച്ചു.

[signature] 15/5/24



21-05-2024 11 am ന് പ്രിൻസിപ്പൽ റൂമിൽ വച്ചു നടന്ന കൗൺസിൽ യോഗത്തിന്റെ മിനുട്ട്സ്.

അജണ്ട:

1. FYUGP പ്രോഗ്രാം finalisation
2. NEP social awareness നൽകുന്നത് സംബന്ധിച്ച്
3. FYUGP കോളേജ് level കമ്മറ്റി രൂപീകരണം.
4. FYUGP Brochure രൂപീകരണം.
5. മറ്റിനങ്ങൾ.

പങ്കെടുത്തവർ:

| | | | |
|---|---|---|---|
| 1. | ഡോ. സന്ധ്യ. ജി. എസ് | പ്രിൻസിപ്പൽ | [signature] |
| 2. | ഡോ. സജീവ് വി | ഫിസിക്സ് വിഭാഗം | [signature] |
| 3. | ജയറാം. വി. എസ്. | സുവോളജി | [signature] |
| 4. | ബൈജു. എസ് | മാത്തമാറ്റിക്സ് | [signature] |
| 5 | Aneesh Kumar R | | [signature] |
| 6 | Josna Rayan | English | [signature] |
| 7. | സുനിത എസ്. | സംസ്കൃതം | [signature] |
| 8. | ഡോ. മിനി മാത്യു | ബയോകെമിസ്ട്രി | [signature] |
| 9. | [illegible] | സ്റ്റാറ്റിസ്റ്റിക്സ് | [signature] |
| 10 | ഷെറീന സി. എസ് | ജ്യോഗ്രഫി | [signature] |
| 11. | ഡോ. ധന്യ. സി. ആർ. | ബയോകെമിസ്ട്രി | [signature] |
| 12 | ഡോ. രാധിക. എ. | IQAC. Coordinator | [signature] |
| 13 | Dr. Boban. P.T | FYUGP Coordinator | [signature] |
| 14. | Princy. Raja | Botany | [signature] |
| 15. | Dr. Raghul Subin S | Zoology (PTA Secretary) | [signature] |
| 16 | Dr. Prakash. A | Hindi | [signature] |
| 17. | Dr. A. Mohammedshafeek | Physical Edn | [signature] |
| 18 | സുചിത്ര ജി. കൃഷ്ണൻ | Botany | [signature] |
| 19. | Dr. Sabeen. H.M. | Geology | [signature] |
| 20 | Sabitha Mohan | Chemistry | [signature] |
| 21. | ഡോ. ജയറാണി. P.S. | ബയോടെക്നോളജി | [signature] |

തീരുമാനങ്ങൾ

1. കോളേജ് തലത്തിൽ ഈ വർഷം നടപ്പിലാക്കുന്ന FYUGP കോഴ്സുകളിൽ ഒരു ധാരണയായതായി പ്രിൻസിപ്പൽ അറിയിച്ചു. website-ൽ നിർദ്ദിഷ്ട Pathways-ൽ പ്രോഗ്രാമുകൾ upload ചെയ്യപ്പെട്ടിട്ടുണ്ട്. ബയോടെക്നോളജി കോഴ്സിന്റെ കാര്യത്തിൽ മൾട്ടിഡിസിപ്ലിനറി പ്രോഗ്രാം structure ലഭ്യമല്ലാത്തതിനാൽ ഒരു അവ്യക്തത നിലനിൽക്കുന്നുണ്ട്. കോളേജ് തലത്തിൽ നിർദ്ദേശിക്കപ്പെട്ട structure-ൽ കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് വിയോജിപ്പ് രേഖപ്പെടുത്തിയ ഈ കാര്യം ഒരു തീരുമാനത്തിലെത്താനായിട്ടില്ല. തുടർന്നു നടന്ന ചർച്ചകൾക്കുശേഷം കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് ഉൾപ്പെടെ എല്ലാ concerned ഡിപ്പാർട്ട്മെന്റുകളും പ്രസ്തുത structure-ൽ ചില ഭേദഗതികളോടെ അംഗീകരിക്കുകയും, ഇത് യൂണിവേഴ്സിറ്റിയെ അറിയിക്കാനും തുടർനടപടികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കായി അപേക്ഷ സമർപ്പിക്കുവാനും തീരുമാനിച്ചു. എല്ലാ ഡിപ്പാർട്ട്മെന്റുകളിലെയും നിലവിലുള്ള വർക്ക്ലോഡ് സംരക്ഷിച്ചുകൊണ്ടും, multidisciplinary ഘടന കഴിയുന്നത്ര നിലനിർത്തിക്കൊണ്ടും ഈ അക്കാദമിക വർഷം കോഴ്സ് നടത്തുവാനായി കൗൺസിൽ തീരുമാനിച്ചു.

2. NEP യെക്കുറിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കായി ഒരു Social awareness class സംഘടിപ്പിക്കുന്നതാണെന്ന് ബോബൻ സർ അറിയിച്ചു.

3. FYUGP കോളേജ് തല കമ്മിറ്റിയിലെ 4 അധ്യാപക പ്രതിനിധികളായി അഡ്മിഷൻ കമ്മിറ്റി കൺവീനർ ഡോ. അനീഷ് കുമാർ.R, ഡോ. രാഹുൽ സുബിൻ .R, ശ്രീ. ഉല്ലാസ്, ഡോ. ഡോണി കുര്യൻ എന്നിവരെ കൗൺസിൽ തിരഞ്ഞെടുത്തു.

4. കോളേജിനു വേണ്ടി FYUGP Brochure തയ്യാറാക്കുവാ



നുള്ള ചാർജ്ജ് ഡോ. ശീല.R (അസി. പ്രൊഫസർ, കമ്പ്യൂട്ടർ സയൻസ്)-നെ ഏൽപ്പിച്ചു. ഡിപ്പാർട്ട്മെന്റുകൾ പ്രത്യേകമായി Brochure തയ്യാറാക്കുന്നുണ്ടെങ്കിൽ അത് പ്രിൻസിപ്പൽ / FYUGP Coordinator-ന്റെ approval-ഓടെ common format-ൽ ആയിരിക്കണം. FYUGP coordinator-ടെ പ്രവർത്തന സൗകര്യത്തിനായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ incubation room താത്കാലികമായി കൈമാറുവാനായി തീരുമാനിച്ചു.

5. Placement due ആയിട്ടുള്ള അധ്യാപകർ, കോളേജ് Reopen ചെയ്യുമ്പോൾ ഇതിനായുള്ള proforma പൂർത്തിയാക്കി ഡോ. രാധിക A യ്ക്ക് സമർപ്പിക്കേണ്ടതാണെന്നും പ്രിൻസിപ്പൽ അറിയിച്ചു.

കൗൺസിൽ യോഗം 12.40 pm ന് അവസാനിച്ചു.

[signature]
21/05/24